www.malankaralibrary.com

# പുനരൈക്യ പ്രവർത്തനങ്ങൾ

ഗ്രന്ഥകർത്താ:

**റവ:ഫാദർ ശമുവൽ ശങ്കരത്തിൽ**

നാലാഞ്ചിറ, തിരുവനന്തപുരം.

---

Private circulation only

www.malankaralibrary.com

ഓറിയൻറ് ഗ്രൂപ്പ്
കരമന പി. ഒ, തിരുവനന്തപുരം - 695002
(കാൽനൂററാണ്ടത്തെ സ്തുത്യർഹമായ ബിസിനസ് പാരമ്പര്യം)
ഓറിയൻറ് ഫണ്ട്സ് (സുരക്ഷിതമായ നിക്ഷേപങ്ങളും വായ്പകളും) * ആകർഷകമായ പലിശനിരക്കിൽ പുതിയ നിക്ഷേപ പദ്ധതികൾ. * മിതമായ പലിശനിരക്കിൽ സ്വർണ്ണപണയങ്ങൾ (മുഴുവനും ഇൻഷ്വർ ചെയ്യപ്പെട്ടതു്)
ഓറിയൻറ് ടിംബേഴ്സ് * എല്ലാവിധ ഉരുളൻ തടികൾക്കും സൈസുരുപ്പടികൾക്കും ഫോ: 79701 (ഓഫീസ്), (വീട്) 340438
ഓറിയൻറ് ടിംബർട്രേഡേഴ്സ് * എല്ലാവിധ സൈസുരുപ്പടികൾക്കും. ഫോ: 79701
സെൻറ് ജൂഡ് സ്കൂൾ * മരം ഉരുപ്പടി ആക്കുക
സെൻറ് ജൂഡ് മെഡിക്കൽ സെൻറർ (24 മണിക്കൂർ): ജനറൽ മെഡിസിൻ * ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി * ജനറൽ സർജറി * ശിശുവിഭാഗം * അനസ്തേഷ്യോളജി * ലാബോറട്ടറി * എക്സറേ, ഇ.സി.ജി. ഫാർമസി കാഷ്വാലിററി * ബ്ളഡ് ബാങ്ക്.

✝

# പുനരൈക്യ പ്രവർത്തനങ്ങൾ

ഗ്രന്ഥകർത്താ:

**റവ: ഫാദർ ശമുവേൽ ശങ്കരത്തിൽ**
നാലാഞ്ചിറ, തിരുവനന്തപുരം.

പ്രസാധകൻ

**എം. ററി. വറുഗീസ്**
ഓറിയൻറ് ഹൗസ്
കരമന, തിരുവനന്തപുരം.

ശങ്കരത്തിൽപ്രസ്സ്, നൂറനാട്.
1993

www.malankaralibrary.com

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

(1) വിശ്വാസവീരൻ (വി: തോമസ്സ്മൂർ)

(2) ശങ്കരത്തിൽ കുടുംബചരിത്രം

(3) അറിവ്

(4) പ്രകാശം

(5) അരുളാനന്തസ്വാമി (വി: ജോൺഡിബ്രിട്ടോ)

(6) കുടുംബസ്മരണ

(7) ജീവിതയാത്ര

(8) കുടുംബശാഖ (കിഴക്കേപുറം)

(9) സുവിശേഷ സഹായി

(10) കത്തോലിക്കാവൈദികൻ കുടുംബജീവിതത്തിൽ

(11) ശങ്കരത്തിൽ ജോൺമത്തായിവൈദ്യൻ

(12) കേരള കത്തോലിക്കർ

(13) നിത്യധ്യാനം



ഫാദർ ശമുവേൽ ശങ്കരത്തിൽ

കിഴക്കേപുറം.

ജനനം – 1916_12_13

ശെമ്മാശപട്ടം – 1944_11_20

വിവാഹം – 1948_11_28

വൈദികപട്ടം – 1949_6_2

പുനരൈക്യം – 1951_3_9

മരണം – 19______

www.malankaralibrary.com

## പ്രസ്താവന

യാക്കോബായസഭയിൽ കിഴവള്ളൂർ, കോന്നി, വടകരപുരം എന്നീ പള്ളികളുടെ വികാരിയും ഗവ: സ്കൂൾ അദ്ധ്യാപകനും, സാമാന്യം ധനശക്തിയുള്ള കുടുംബത്തിലെ അംഗവുമായിരുന്ന ഞാൻ യാക്കോബായ സഭയ്ക്കുവേണ്ടി നല്ലതുപോലെ പ്രവർത്തിച്ചു കൊണ്ടിരുന്നു. അപ്പോൾ അതു് ദൈവം സ്ഥാപിച്ച സഭയല്ലെന്നും, കത്തോലിക്കാസഭയാണു് ദൈവം സ്ഥാപിച്ചതും അതിൽ ചേർന്നു പ്രവർത്തിച്ചെങ്കിലേ എനിക്കു് നിത്യരക്ഷ കിട്ടുകയുള്ളുവെന്നും എനിക്കു് ബോദ്ധ്യപ്പെട്ടു. ആ വിവരം ഞാൻ അന്നത്തെ തിരുവനന്തപുരം ആർച്ചുബിഷപ്പായിരുന്ന മാർ ഈവാനിയോസ്സ് തിരുമേനിയെ അറിയിച്ചു. പുനരൈക്യപ്പെട്ടാൽ ഗവൺമെൻറ് സർവ്വീസിൽ ജോലി തുടരാൻ അനുവദിക്കുകയില്ലെന്നും കുടുംബ ജീവിതക്കാരനായ എനിക്കു് പണസംബന്ധമായി പ്രയാസമുണ്ടാകുമെന്നും തിരുമേനി എന്നെ ധരിപ്പിച്ചു. അതെല്ലാം ഞാൻ മനസ്സിലാക്കിയിട്ടാണു് വന്നിരിക്കുന്നതെന്നും, അതിൽ വലുതു് എൻെറ ആത്മരക്ഷയാണെന്നും അതിനാൽ എന്നെ പുനരൈക്യപ്പെടുത്തണമെന്നും ഞാൻ അപേക്ഷിച്ചു. അതനുസരിച്ചു് 1951 മാർച്ചു് 9-ാംതീയതി എന്നെ പുനരൈക്യപ്പെടുത്തി 18 ദിവസം കൂടെ താമസിപ്പിച്ചു് അത്യാവശ്യമുള്ള കാര്യങ്ങൾ എന്നെ പഠിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രത്യേക അനുഗ്രഹത്തോടുകൂടി ഞാൻ സമുദായകാര്യങ്ങളിൽ ഇടപ്പെട്ടു. അനേകർ എന്നോടു് വിരോധപ്പെട്ടു. അവരുൾപ്പെടെ 2000 ത്തോളം അകത്തോലിക്കരെ ഞാൻ പുനരൈക്യപ്പെടുത്തുകയും 1952ൽ ചെങ്ങറ, 1956ൽ കല്ലേലിപുത്തൻപള്ളി, 1956ൽ പൊന്നാവു്, 1961ൽ പുതുക്കുളം എന്നിങ്ങനെ 4 പള്ളി തുടങ്ങുകയും പള്ളികളുടെ ആവശ്യത്തിനു 16 കുരിശ്ശടി തീർക്കുകയും ചെയ്തു. വീട്ടിൽനിന്നും 25 മൈലോളം നടന്നു് ഭയങ്കരവനമായ കൊക്കാതോട്ടിൽ 11 വർഷം സേവനം നടത്തി. 48 വീടുമായി ചുമതലയേററ ഞാൻ അവിടെ 113 വീടുകളാക്കി. ഇപ്പോൾ ഞാൻ രോഗിയായി മേലധികാരികളുടെ സഹായത്തിൽ തിരുവനന്തപുരത്തു താമസിച്ചു് എളിയനിലയിൽ ചില പള്ളികളിൽ സേവനം ചെയ്യുന്നു. അവരിൽ ചിലർക്കു് പുനരൈക്യകാര്യങ്ങൾ അറിവില്ല. അതിനാൽ പ്രധാനമായും അവരെപ്പോലെയുള്ളവരുടെ ഉപയോഗത്തിനു ഞാൻ ഈ ചെറിയ പുസ്തകം എഴുതിയെന്നേയുള്ളു. ഇതിനു സഹായിച്ച സകലരോടും നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

വിനീതൻ,
ഫാദർ ശമുവേൽ ശങ്കരത്തിൽ
തിരുവനന്തപുരം
1993 സെപ്റ്റംബർ 20

www.malankaralibrary.com

## അവതാരിക

ബഥനി സന്യാസ സഭയുടെ സ്ഥാപകനും പുണ്യചരിതനുമായിരുന്ന നി. വ. ദി. മ. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ തൃക്കയ്യാൽ പുനരൈക്യപ്പെട്ട് അന്നുമുതൽ സഭാസേവനം ചെയ്യുന്ന ഫാദർ ശമുവേൽ ശങ്കരത്തിലിൻെറ (മുത്തച്ചൻ) ഈ പുസ്തകം സജ്ജന സമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. വാർദ്ധക്യത്തിലെത്തി രോഗിയായി വിശ്രമിക്കുന്ന അച്ചനെ ദൈവം കൂടുതലായി ശക്തികൊടുക്കുവാൻ പ്രാർത്ഥിക്കാം. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും സർവ്വവിധമായ മംഗളങ്ങളും ആശംസിക്കുന്നു.

സുപ്പീരിയർ.

റവ: ഫാ; ഡോമനിക്ക് ഒടാലിൽ M.A.

ബഥനി ആശ്രമം
നാലാഞ്ചിറ, തിരുവനന്തപുരം
15_7_1993.

## സമർപ്പണം

മലങ്കരസഭയിലെ പുനരൈക്യത്തിൻെറ 63_ാം വാർഷിക സ്മാരമായി പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകം ആ പ്രസ്ഥാനത്തിൻെറ ആത്മീയനേതാക്കന്മാരായ അഞ്ച് അഭിവന്ദ്യ പിതാക്കന്മാരുടേയും പാദാരവിന്ദങ്ങളിൽ ഭക്ത്യാദരപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

വിധേയൻ,
ഫാദർ ശമുവേൽ ശങ്കരത്തിൽ
തിരുവനന്തപുരം
1993 സെപ്ററംബർ 20.

www.malankaralibrary.com

## സ്മരണാഞ്ജലി



തുമ്പുങ്കൽ ജോസഫ് തോമസ്
(മരണം 29-1-1984)



തുമ്പുങ്കൽ അന്നമ്മ തോമസ്
(മരണം 11-2-1984)

ചങ്ങനാശ്ശേരി

## യേശുക്രിസ്തു സ്ഥാപിച്ച സഭ

വി: മത്തായി 16:18 ൽ യേശുക്രിസ്തു ഒരു സഭ സ്ഥാപിച്ചുവെന്ന് പറഞ്ഞിരിക്കുന്നു. അതിൻെറ പ്രവർത്തനത്തിന് അദ്ദേഹം 12 ശിഷ്യന്മാരെ തെരഞ്ഞെടുത്തു. അതിൽ പത്രോസിനെ അവരുടെ മേലധികാരിയാക്കി. കർത്താവ്, തൻെറ 12 ശിഷ്യന്മാരേയും ഒരേ വിശ്വാസം തന്നെയാണ് പഠിപ്പിച്ചത്. അവർ ഓരോരുത്തരും ഓരോ സഭ സ്ഥാപിക്കാൻ കർത്താവ് പറഞ്ഞില്ല. 12 ശിഷ്യന്മാരും ഒന്നുപോലെയുള്ള വിശ്വാസമാണ് ലോകത്തിൽ പ്രസംഗിച്ചത്. അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിൻെറ എല്ലാഭാഗത്തും, അവർ യേശുക്രിസ്തുമൂലമുള്ള രക്ഷയെ പ്പറ്റി പ്രസംഗിക്കുകയും, പള്ളികളുംമററും സ്ഥാപിച്ച് വൈദീകാദ്ധ്യക്ഷന്മാരേയുംവൈദീകരേയുംശെമ്മാശ്ശന്മാരേയും മററും വാഴിച്ച് സഭയിൽ വേണ്ട ക്രമീകരണങ്ങളും ചെയ്യുകയുംചെയ്തു. ശിഷ്യന്മാരിൽ തോമാസ്ലീഹയാണ് നമ്മുടെരാജ്യത്തുവന്ന് സുവിശേഷം പ്രസംഗിച്ച് സഭയ്ക്കു വേണ്ട ക്രമീകരണങ്ങളും ചെയ്ത് മൈലാപ്പൂരിൽവച്ച് രക്തസാക്ഷിയായി മരിച്ചത്.

## ക്രിസ്തുമതത്തിനുണ്ടായവലിയ ഉപദ്രവങ്ങൾ

അന്നത്തെ റോമാചക്രവത്തിമാർ 300 വർഷത്തോളം ക്രിസ്ത്യാനികളെ വളരെ ഉപദ്രവിച്ചു. അനേകംപേരു് രക്തസാക്ഷികളായിതീർന്നു. കസ്റ്റാന്തിനോസ് ചക്രവത്തി (337) ക്രിസ്തുമതം സ്വീകരിച്ചതോടുകൂടി സഭയിൽസമാധാനം ഉണ്ടായി. സഭയ്ക്കുവലിയ അഭിവൃദ്ധിയും ഉണ്ടായി.

www.malankaralibrary.com



## സുന്നഹദോസുകൾ

കുസ്തന്തീനോസ്സ് ചക്രവർത്തിയുടെ സഹായത്തോടു കൂടി നിഖ്യാസുന്നഹദോസ്സ് നടത്തി. അതിൽ റോമാ, അലക്സാന്ത്രിയാ, അന്ത്യോഖ്യാ, കുസ്തന്തീനോപോലീസ്സ് എന്നീ സിംഹാസനങ്ങൾക്കുണ്ടായിരുന്ന അധികാരം ഉറപ്പിച്ചു. റോമിലെ പാത്രിയർക്കീസിനെ തലവനായി മററുമൂന്നു പാത്രിയർക്കീസന്മാരും അംഗീകരിക്കുവാൻ നിശ്ചയം ചെയ്തു. മററു പല നിയമങ്ങൾ രൂപീകരിച്ചു. പിന്നീട് സഭാസംബന്ധമായ അത്യാവശ്യങ്ങൾ നേരിടുമ്പോൾ അന്നുമുതൽ ഇന്നുവരെയും റോമാ മാർപ്പാപ്പമാരുടെ നിയന്ത്രണത്തിൽ സുന്നഹദോസുകൾ നടത്തിക്കൊണ്ടിരിക്കുന്നു.

## ആറാംനൂററാണ്ടിനു മുമ്പ് കത്തോലിക്കാ സഭയിൽ നിന്നു പിരിഞ്ഞു പോയവർ

നിഖ്യാ സുന്നഹദോസിനു മുമ്പ് അറിയൂസ് എന്ന ആൾ, യേശുക്രിസ്തു ദൈവമല്ലെന്നു പഠിപ്പിച്ചു. അയാളെ നിഖ്യാസുന്നഹദോസ്സ് മുടക്കി. അയാളും അയാളോട് അനുകൂലിച്ചവരും കത്തോലിക്കാസഭയിൽ നിന്നുമാറി ഒരു സഭ ഉണ്ടാക്കിയെങ്കിലും അതുതാമസിയാതെ ക്ഷയിച്ചു പോയി. പിന്നീട് മക്കദോനിയസ്സ് എന്നൊരാൾ പരിശുദ്ധാത്മാവ് ദൈവമല്ലെന്നു പഠിപ്പിച്ചു. അയാളേയും സഭ മുടക്കി. ആ കൂട്ടർ മാറി സ്ഥാപിച്ച സഭയും താമസിയാതെനശിച്ചു. കുറേനാൾകഴിഞ്ഞപ്പോൾ കന്യകമറിയാം ദൈവമാതാവല്ലെന്നുള്ള പ്രബോധനത്തിനു എതിരെയായി എഫേസൂസ്സ് സുന്നഹദോസ്സ്കൂടി നെസ്തോറിയൂസ് എന്ന ആൾ ഇതുപഠിപ്പിച്ചു എന്നുപറയപ്പെടുന്നു. അതിനെ തുടർന്നുണ്ടായ സഭയാണ് നെസ്തോറിയൻസഭ. അവരും കക്ഷികളായി ഇപ്പോൾ കച്ചേരിയിൽ കേസ്സിലും മററും



കിടക്കുന്നു. താമസിയാതെ, യേശുക്രിസ്തുവിനു് ഒരുസ്വഭാവമെയുള്ളുവെന്നു പഠിപ്പിച്ച എവുത്തിക്കോസിനേയും സഭമുടക്കി. അയാളുടെ പിൻഗാമികൾ ഏകസ്വഭാവ വാദികൾ എന്നപേരിൽ പലസഭകളായി പിരിഞ്ഞു. അവരോട് അനുകൂലിച്ച ദീയസ്തീറോസ്സ് എന്ന ആളിനേയും കത്തോലിക്കാസഭമുടക്കി.

## യാക്കോബായസഭ

ഏക സ്വഭാവ വാദികളെ യോജിപ്പിക്കാനായി യാക്കോബർദ്ദാന എന്നയാൾ ആറാംനൂററാണ്ടിൽ സ്ഥാപിച്ചതാണ് യാക്കോബായസഭ. അയാൾ മാപ്പാപ്പായുടെ അനുസരണത്തിൽനിന്നുമാറി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെസിംഹാസനത്തിനുപകരം ഒരു "അന്തോഖ്യാസിംഹാസനം" സ്ഥാപിച്ചു അതിലെ ഒന്നാമത്തെ പാത്രിയർക്കീസായി മുടക്കിൽകിടന്ന സെർജിയൂസിനെ നിയമിച്ചു. പിന്നീട് ഏകസ്വഭാവ വാദികൾ പലസഭകളായിട്ട് പിരിഞ്ഞു. ഇപ്പോൾ പശ്ചിമേഷ്യൻ പ്രദേശത്തു് യാക്കോബായക്കാർ രണ്ടുലക്ഷത്തിൽകൂടുതലില്ല. അവരുടെ "അന്ത്യോഖ്യാ സിഹാസനം" സാക്ഷാൽ അന്ത്യോഖ്യായിൽനിന്നു മാറി കുക്ക്മദയറ, മർദ്ദീൻ, ഹോംസ്സ് എന്നീ സ്ഥലങ്ങളിൽ ഒരിച്ചശേഷം ഇപ്പോൾ ബൈറൂട്ടിലേക്കു് മാററാൻശ്രമിച്ചു കൊണ്ടിരിക്കുന്നു. ആ സിംഹാഹസനത്തിന്റെ മേലധികാരികൾ കേരളത്തിൽ 1653ൽ നടന്ന കൂനൻകുരിശു സത്യത്തിനുശേഷം 1665 മുതൽ കേരളത്തിലെ യാക്കോബായസഭയുടെ മേലധികാരികളായി. 1665നു മുമ്പ് ഒററ യാക്കോബായ മെത്രാൻപോലും കേരളത്തിൽ വന്നിട്ടില്ല.

## സാക്ഷാൽ അന്ത്യോഖ്യാ സിംഹാസനം

നിഖ്യാസുന്നഹദോസിൽ പറയുന്ന അന്ത്യോഖ്യാസിംഹാസനത്തിന്റെ മേലധികാരികളുടെ ഭരണത്തിലാണ്

തങ്ങൾ നിലനിൽക്കുന്നതെന്നാണ് കേരളത്തിലെയാക്കോബായക്കാരുടെ ധാരണ. ആ ധാരണ വളരെ തെറ്റാണ്. യാക്കോബായക്കാരെ ക്രമീകരിക്കാൻ യാക്കോബുർദ്ദാന ആറാംനൂറ്റാണ്ടിൽ സൃഷ്ടിച്ചതാണ് യാക്കോബായക്കാരുടെ "അന്ത്യോഖ്യാസിംഹാസനം." അല്ലാതെ അതുനിഖ്യാസുന്നഹദോസിലെ നിശ്ചയമനുസരിച്ചുള്ള സിംഹാസനമല്ല. നിഖ്യസുന്നഹദോസിൽ ക്രമപ്പെടുത്തിയ അന്ത്യോഖ്യാസിംഹാസനം അന്നുമുതൽ ഇന്നുവരേയും റോമിലെ റീശ്ശപാത്രിയർക്കീസിന്റെ (മാർപാപ്പായുടെ) അനുസരണത്തിൽ പശ്ചിമേഷ്യാ പ്രദേശത്തുണ്ട്. അതു് നാം മനസ്സിലാക്കേണ്ടതാണ്. കേരളത്തിലെ യാക്കോബായക്കാരുടെ "അന്ത്യോഖ്യാ സിംഹാസനം" ദൈവേഷ്ടപ്രകാരം സ്ഥാപിച്ചിട്ടുള്ളതല്ല. അതിനുവേണ്ടി കേസുകൾ നടത്തുന്നതു് ദൈവത്തിനു് ഇഷ്ടവുമല്ല. കേരളത്തിലെ യാക്കോബായക്കാരിൽ ഒരുകൂട്ടർ "മാർത്തോമ്മാശ്ലീഹായുടെ സിംഹാസന"മാണ്. അവക്കു് ഉള്ളതെന്നു് പറയുന്നു. ആ സിംഹാസനവാദം തുടങ്ങിയിട്ടു് കുറേനാളെ ആയുള്ളല്ലോ.

## കേരളത്തിലെ കത്തോലിക്കാസഭ

ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചതും പള്ളികളും മറ്റും സ്ഥാപിച്ചതും തോമ്മാശ്ലീഹായാണെന്നു മുമ്പ് പറഞ്ഞുവല്ലോ? യേശുക്രിസ്തുവിന്റെയും തോമ്മാശ്ലീഹായുടെയും സംസാരഭാഷ സുറിയാനി ആയിരുന്നതുകൊണ്ടും, കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്ന യഹൂദന്മാർമുഖേന കേരളത്തിൽ സുറിയാനി പ്രചരിച്ചിരുന്നതുകൊണ്ടും, ഇൻഡ്യൻ ക്രിസ്ത്യാനികൾ സുറിയാനിയിൽതന്നെയാണ് ആരാധന നടത്തിവന്നതെന്നു് ഒരുകൂട്ടരും, ജനങ്ങൾക്കു് മനസ്സിലാകാത്തഭാഷയിൽ ആരാധിക്കാൻ വിശുദ്ധൻ പറഞ്ഞുകാണുകയില്ലെന്നും, അന്നു് കേരളത്തിലും മറ്റും പ്രചാരത്തിലിരുന്ന തമിഴ്ഭാഷയിൽ (ദ്രാവിഡിയന്റീത്തു



എന്നുപറയാം) ആരാധന നടത്താനാണ് അദ്ദേഹം നിർദ്ദേശിച്ചിരുന്നതെന്നു വേറൊരുകൂട്ടരും പറയുന്നു. അക്കാലത്തു് കയ്യെഴുത്തുപുസ്തകങ്ങൾ വച്ചാണ് ആരാധന നടത്തിയിരുന്നതു്. കാലക്രമത്തിൽ അതു് പഴക്കംനിമിത്തം നശിച്ചുപോയതിനാൽ ഇപ്പോൾ അതിന്റെ ഗ്രന്ഥങ്ങൾ ഒന്നും കിട്ടാനില്ലാത്തതുകൊണ്ടു് അതേപ്പറ്റി ഒരു തീർച്ച പറയാൻ നിവർത്തിയില്ല. ആദ്യകാലംമുതലേ വിശ്വാസികൾ വളരെ ഭയഭക്തിയായി കർമ്മാദികൾ നടത്തിവന്നിരുന്നതായി തെളിവുകളുണ്ടു്.

## കേരളക്രിസ്ത്യാനികൾക്ക് അഭിവൃദ്ധി വരുന്നു

കേരളത്തിലെ വിശ്വാസികളെ സഹായിക്കാൻസിറിയായിൽനിന്നു് ക്രിസ്തുവർഷം 345 ൽ കുടിയേറിപാർത്ത ക്നായിതൊമ്മനും അദ്ദേഹത്തോടുകൂടിവന്ന മെത്രാച്ചന്മാരും വൈദികരും വിശ്വാസികളും മാർപാപ്പായെ അനുസരിക്കുന്നവരും സിറിയായിലെ കത്തോലിക്കാമേലധികാരികളുടെ കല്പനയോടുകൂടി വന്നവരും ആയിരുന്നു. അവർമുഖേന കേരള ക്രിസ്ത്യാനികൾ കൽദായ സുറിയാനി ആരാധന ക്രമങ്ങളും ആചാരരീതികളും പരിചയിച്ചു. അന്നു് മാർപാപ്പായെ അനുസരിച്ചുനിൽക്കുന്ന ബാബേലിലെ കത്തോലിക്കാ പാത്രിയർക്കീസിന്റെഭരണമാണ് അവർക്കുണ്ടായിരുന്നതു്. ഇന്നു് കേരളത്തിലെ ചില യാക്കോബായക്കാർ പറയുന്നതുപോലെ ക്നായിതൊമ്മനും കൂട്ടരും യാക്കോബായക്കാർ അല്ലായിരുന്നു. അന്നു് അതായതു ക്രിസ്തുവർഷം 345 ൽ യാക്കോബായസഭ ഭൂമിയിൽ ജനിച്ചിട്ടേയില്ലായിരുന്നു. 6-ാം നൂറ്റാണ്ടിലല്ലേ യാക്കോബായസഭ ടർക്കിരാജ്യത്തുണ്ടായതു്. പിന്നീടു് 1000 വർഷം കഴിഞ്ഞു് (1653) ൽ ആണ് കേരളത്തിൽ കൂനൻ

www.malankaralibrary.com



കുരിശുസത്യമുണ്ടായത്. അതിനുശേഷം 1665 ലാണ് മാർഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാച്ചൻ കേരളത്തിൽവന്നത്. അതിനുമുമ്പ് ഒരു യാക്കോബായ മെത്രാച്ചനും കേരളത്തിൽ വന്നിട്ടില്ല. എന്നതാണ് സത്യം ബാബേലിലെ കൽദായകത്തോലിക്കരുടെ സഹായത്താൽ കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് എല്ലാവിധ ഉയർച്ചയും ഉണ്ടായി. അവരുടെ പള്ളിഭരണം വളരെ ദൈവീകമായിരുന്നു. ഇടവകപ്പട്ടക്കാരിൽമൂപ്പന്റെ ഉപദേശത്തിൽ മറ്റുപട്ടക്കാർ സഹകരിച്ച് പള്ളിക്കാര്യം നടത്തിവന്നു. ഇൻഡ്യയിലുള്ള സകല ക്രിസ്ത്യാനികളുടേയും രാജാവെന്നപോലെ 'ജാതിക്ക് തലവൻ' എന്ന അർക്കദിയാക്കോൻ സഭയെ ഭരിച്ചിരുന്നു. പള്ളി സംബന്ധമായി മെത്രാന്മാരെ തെരഞ്ഞെടുക്കുക, വൈദീകരെ വാഴിക്കുക, മുതലായ കാര്യങ്ങളെല്ലാം അർക്കദിയാക്കോന്റെ നിയന്ത്രണത്തിലാണ് നടന്നിരുന്നത്. അർക്കദിയാക്കോനെ നാട്ടുരാജാക്കന്മാർ വളരെ ബഹുമാനിച്ചിരുന്നു. ക്രിസ്ത്യാനികൾക്ക് സൈന്യസേവനം, രാജകൊട്ടരത്തിലെ ചില ഉദ്യോഗങ്ങൾ ഇവയെല്ലാം അർക്കദിയാക്കോന്റെ ശക്തിയാലാണ് കിട്ടിയിരുന്നത്. നോമ്പാചരണവും മറ്റും വളരെ താപസനിലയിലായിരുന്നു. അക്കാലത്തെവിശ്വാസികളിൽ ഭൂരിപക്ഷവും മേലധികാരികളെ ദൈവദൂതന്മാരെപ്പോലെ ബഹുമാനിച്ചിരുന്നതായി തെളിവുണ്ട്.

## ലത്തീൻ റീത്തുകാരുടെ സഹായം

ലയോപത്താമൻ മാർപാപ്പാ സ്പെയിൻകാരേയും പോർട്ടുഗൽകാരേയും അവർ കച്ചവടത്തിനുപോകുന്നസ്ഥലത്തുള്ളകത്തോലിക്കരെ സഹായിക്കാൻ ചുമതലപ്പെടുത്തി. പോർട്ടുഗീസുകാരെ ഇൻഡ്യാഏല്പിച്ചു. ഇൻഡ്യയിലെ പ്രത്യേകിച്ച് കേരളത്തിലെ, കത്തോലിക്കർ കൽദായ



സുറിയാനിയിൽ ആരാധനനടത്തുന്ന ഉത്തമകത്തോലിക്കരും മാർപാപ്പയെ അനുസരിക്കുന്നവരും ആയിരുന്നല്ലോ. അവരെ സഹായിക്കാൻ ശ്രമിച്ച ലത്തീൻ കത്തോലിക്കരിൽ ഈശോസഭക്കാർ എന്ന സന്യാസികൾക്ക് മലയാളവും സുറിയാനിയും അറിയാൻ പാടില്ലായിരുന്നു. (അപൂർവ്വം ചിലർക്ക് മാത്രം അറിയാമായിരുന്നുള്ളു) കേരളത്തിലെ കത്തോലിക്കരുടെ വിശ്വാസവും ആചാരങ്ങളും നെസ്തോർ വേദവിപരീതമാണെന്ന് അവർതെറ്റിധരിച്ച് ആ ആചാരങ്ങളെല്ലാം മാറ്റി പകരം ലത്തീൻറീത്തിന്റെ ആചാരങ്ങൾ നടപ്പിലാക്കുവാൻ അവർ പലവഴികളിൽ കൂടി പരിശ്രമിച്ചു. അതിൽകൂടുതൽ ശ്രമിച്ചത് മെനേസിസ്തിരുമേനിയായിരുന്നു. അദ്ദേഹം പത്തുമാസമേ കേരളത്തിൽ താമസിച്ചുള്ളു. അസാമാന്യസമർത്ഥനായ അദ്ദേഹത്തിന്റെ നയത്തിൽ കേരളത്തിലെ കത്തോലിക്കർ രണ്ടായിപിരിഞ്ഞ് നശിക്കാനാണിടയായത്. കൂടുതൽ വിവരിക്കുന്നില്ല.

## കൂനൻകുരിശുസത്യം

മെനേസീസ്തിരുമേനിയുടെ പ്രവർത്തനംകൊണ്ട്, മേലാൽ അവരുമായി സഹകരിക്കുകയില്ലെന്ന് കേരള കത്തോലിക്കർ നിശ്ചയിച്ചു. 1653ൽ കൊച്ചിയിൽ മട്ടാഞ്ചേരിയിലുള്ള കൽകുരിശിൽ കയർകെട്ടി, മേലാൽ ലത്തീൻ റീത്തുകാരുമായുള്ള സഹകരണം വേണ്ടായെന്നു നിശ്ചയിച്ച് സത്യംചെയ്തു. അങ്ങനെ പിരിഞ്ഞവരെ പുത്തൻകൂറുകാർ എന്നും പിരിയാതെ നിന്നവരെ പഴയകൂറുകാർ എന്നും വിളിക്കുന്നു. പുത്തൻകൂറുകാർക്ക് ഒരു മെത്രാനെ ആവശ്യമുള്ളതിനാൽ അവരിൽ 12 അച്ചന്മാർ കൂടി, അന്നത്തെ തോമ്മാഅർക്കദിയാക്കോനെ "ഒന്നാം മാർത്തോമ്മാ" എന്നപേരിൽ മെത്രാന്റെവേഷം ധരിപ്പിച്ചു

അതു വളരെ തെററായിപ്പോയി എന്നു് അവക്കും അറിയാമായിരുന്നു. സുറിയാനിയിൽ നല്ല അറിവുള്ള ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻകത്തനാർ പറഞ്ഞു് വിശ്വസിപ്പിച്ചതുകൊണ്ടു് അവർ അങ്ങനെ ചെയ്തതാണു്.

**കൂനൻകുരിശു സത്യത്തിനുശേഷം**

പുത്തൻകൂറുകാർവാഴിച്ച തോമ്മാഅർക്കദിയാക്കോനെ ഒന്നാം മാർത്തോമ്മാ എന്നപേരിൽ അവർ മെത്രാച്ചനായി തന്നെ സ്വീകരിച്ചിരുന്നു. അദ്ദേഹത്തിൻെറ സ്ഥാനം സാധുവാക്കാൻ അവർ പലവഴിക്കു് ശ്രമിച്ചു. ആ കൂട്ടത്തിൽ അന്നത്തെ ടർക്കിരാജ്യത്തെ യാക്കോബായ പാത്രിയർക്കീസിൻെറ "അന്ത്യോഖ്യാസിംഹാസന"ത്തിൻെറ കീഴിലുള്ള മാർ ഗ്രിഗോറിയോസു് 1665ൽ കേരളത്തിൽവന്നു.

**മാർത്തോമ്മാമാർ തുടരെചെയ്ത കാര്യങ്ങൾ**

ഒന്നാം മാർത്തോമ്മാ രണ്ടാം മാർത്തോമ്മായേയും അദ്ദേഹം മൂന്നാം മാർത്തോമ്മായേയും വാഴിച്ചു് അങ്ങനെ 6-ാം മാർത്തോമ്മായുടെ കാലം വരെവന്നു. അതുവരെയുള്ളമാർത്തോമ്മാമാരെല്ലാം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ (യോജിക്കാൻ) പലശ്രമങ്ങളും നടത്തിയിട്ടുണ്ടു്. പക്ഷെ അതു സാധിച്ചില്ല. പഴയകൂർ കത്തോലിക്കരെ ഭരിക്കുന്ന മേലധികാരികളെല്ലാം അതിനുതടസ്സക്കാരായിരുന്നു. അവർ നാട്ടുകാരോടു് തീരെ നയമില്ലാതെയാണു് പെരുമാറിയതു്.

**കർമ്മലീത്താമേലധികാരികൾ സുറിയാനിക്കാരെ സഹായിക്കാൻവരുന്നു.**

ഈശോസഭക്കാരായ മേലധികാരികളുടെ ഭരണം തങ്ങളെവളരെ വിഷമിപ്പിക്കുന്നുവെന്നും അവരെമാററി



വേറെ സന്യാസികളെ തങ്ങളെ ഭരിക്കാൻ ഏല്പിക്കണമെന്നും കേരളക്കാർ റോമിലേക്കു് ധാരാളം പരാതികൾ അയച്ചു കൊണ്ടിരുന്നു. അതിൻെറഫലമായി റോമിൽനിന്നു് കർമ്മലീത്താ സന്യാസികൾ വരാപ്പുഴവന്നു് സുറിയാനിക്കാരെ ഭരിച്ചുതുടങ്ങി. അവർ കൽദായസുറിയാനിയിൽതന്നെ ആരാധന നടത്താൻ അനുവദിച്ചു. പക്ഷെ ലത്തീനീകരിച്ചു്. പലഭക്തകൃത്യങ്ങളും മററുംനടപ്പിലാക്കി ചില ലത്തീൻ ആചാരങ്ങൾ പ്രചരിപ്പിച്ചു. പലവിധത്തിൽ സഭയെ നന്നാക്കി. അവരും നാട്ടുമെത്രാച്ചന്മാരെ ഭരണമേല്പിക്കാൻ ഇഷ്ടപ്പെട്ടില്ല. അതിനു ശ്രമിക്കുന്ന വൈദീകരേയും മററും പലവിധത്തിൽ അവർ ഉപദ്രവിച്ചിരുന്നു. പുത്തൻകൂറുകാരും പഴയകൂറുകാരുംകൂടിചേർന്നു് വമ്പിച്ച പ്രയാസങ്ങൾ സഹിച്ചു്, കരിയാററിൽ ജോസഫ്, പാറേമാക്കൽതോമസ് എന്നീ പട്ടക്കാരെ റോമിലയച്ചു് പോർട്ടുഗീസ്റാണിയുടെ സഹായത്തോടുകൂടി കാര്യംസാധിച്ചു തിരിച്ചുവന്നപ്പോഴും അതു സാധിക്കാതെ വന്നതു് മഹാകഷ്ടമായിപ്പോയി.

**യാക്കോബായക്കാർ ചെയ്തകാര്യം**

1665 ൽ അന്നത്തെ ടർക്കിരാജ്യത്തു് താമസിച്ചിരുന്ന യാക്കോബായ പാത്രിയർക്കീസിൻെറ അന്ത്യോഖ്യാസിംഹാസനത്തിൻെറ ഭരണാധികാരികളാണു് യാക്കോബായക്കാരെ ഭരിക്കാൻ തുടങ്ങിയതു് എന്നു പറഞ്ഞിട്ടുണ്ടല്ലോ? അവക്ക് വിദ്യാഭ്യാസവും ധനശക്തിയും വളരെ കുറവായിരുന്നു. ഇംഗ്ലീഷ്‌വിദ്യാഭ്യാസം ആ രാജ്യത്തെ മുസ്ലീംഗവർമ്മെൻറു് നിരോധിച്ചിരുന്നു. മേലധികാരികൾക്കു് സംസ്കാരവും, മനപരിഷ്കാരവും വളരെ കുറവായിരുന്നുവെന്നു പറയാം.പാത്രിയർക്കീസന്മാർ അവരുടെ കീഴിലുള്ള മെത്രാന്മാരെ നിസ്സാരകാര്യത്തിനു മുടക്കുക

www.malankaralibrary.com

പതിവായിരുന്നു. ഇതിനകമായി ആറ് പാത്രിയർക്കീസന്മാർ കേരളത്തിൽ വന്നിട്ടുണ്ട്. അവരിൽ അഞ്ചുപേരും കേരളത്തിലെ സഭാദ്ധ്യക്ഷന്മാരുമായി പിണങ്ങിപ്പോകുകയാണ് ചെയ്തത്. വിസ്താരഭയത്താൽ അതു വിവരിക്കുന്നില്ല. അബ്ദൽമിശിഹാ പാത്രിയർക്കീസ് തന്റെ പിൻഗാമിയുമായി പിണങ്ങി തന്റെ സ്ഥാനം പോയിട്ട് സ്വസ്ഥതയാൽ ടർക്കിയിൽ താമസിക്കുമ്പോൾ കേരളത്തിലെ പുത്തൻകൂറ്റുകാരുടെ അന്നത്തെ പ്രധാനമെത്രാപ്പോലീത്തായുടെ അറിവോടുകൂടി അദ്ദേഹത്തിന് ഇവിടെ വരുത്തി, അപ്പോൾ ഭരണമുള്ള അബ്ദുള്ള പാത്രിയർക്കീസിനെ അറിയിക്കാതെ കാതോലിക്കാസ്ഥാനം കേരളത്തിൽ സ്ഥാപിച്ചുകൊടുത്തു. തിരികെ അദ്ദേഹം ടർക്കിയിൽ ചെന്നപ്പോൾ അദ്ദേഹം യാക്കോബായ സഭയെ ചതിച്ചതിനാൽ തന്നെ ഉപദ്രവിക്കുമെന്ന് ചിലർ ഭയപ്പെടുത്തി. ഉടനെ അദ്ദേഹം അവിടത്തെ കത്തോലിക്കാ പാത്രിയർക്കീസിന്റെ അടുക്കൽ ചെന്ന് കത്തോലിക്കാസഭയിൽ ചേർന്നു. കുറെനാൾ കഴിഞ്ഞ് മരിച്ചു. പിന്നീട് ഭരണമുള്ള പാത്രിയർക്കീസ് മുഖേന തന്റെ സ്ഥാനം സാധൂകരിക്കണമെന്ന് വിചാരിച്ച് കല്ലാച്ചാരിൽ കതോലിക്കാബാവാ ടർക്കിയിലെ പാത്രിയർക്കീസിന്റെ അടുക്കൽ ചെന്ന് വളരെ അപേക്ഷിച്ചു. അതു സാധിച്ചില്ല. അബ്ദദ്മിശിഹാ പാത്രിയർക്കീസ് സുബോധമില്ലാത്ത ആളായിരുന്നുവെന്നും, അദ്ദേഹം കൊടുത്തിട്ടുള്ള സ്ഥാനങ്ങൾ സാധുവല്ലെന്നുമായിരുന്നു പാത്രിയർക്കീസിന്റെ നിലപാട്. ഏലിയാസ് തൃതീയൻ, മാർ അപ്രേം യാക്കോബ് മൂന്നാമൻ എന്നീ പാത്രീയർക്കീസന്മാരും ആ അഭിപ്രായത്തോട് അനുകൂലിച്ചുനിന്നു.



## വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നിലപാട്

ഇദ്ദേഹത്തിന്റെ കാലത്താണ് അബ്ദുള്ളാപാത്രിയർക്കീസ് കേരളത്തിൽവന്നത്. ചില അഭിപ്രായവ്യത്യാസം മൂലം പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി തന്റെ മുടക്ക് അസാധുവാണെന്ന് ഉറപ്പിക്കാൻ അദ്ദേഹം കോടതി ആശ്രയിച്ചു കേസ്സുകൊടുത്തു. 1913ലാണ് കേസ്സ് തുടങ്ങിയത്. 1928 ൽ വട്ടശ്ശേരിൽ തിരുമേനിക്ക് അനുകൂലമായി കേസ്സു വിധിച്ചു. അപ്പോൾ കോടതി നിയമപ്രകാരം അദ്ദേഹം യാക്കോബായ പൊതുസഭയുടെ (അപ്പോഴേക്കും മെത്രാൻകക്ഷിയെന്നും ബാവാകക്ഷിയെന്നും സഭ രണ്ടായി പിരിഞ്ഞിരുന്നു) മേലധികാരിയായി. 1934 ൽ അദ്ദേഹം മരിക്കുന്നതുവരെ സമുദായസ്വത്തായ വട്ടിപ്പണത്തിന്റെ പലിശ വാങ്ങിച്ചുകൊണ്ടിരുന്നു. പക്ഷെ ബാവകക്ഷികാർ അദ്ദേഹത്തെ സഭാപരമായി (ഔദ്യോഗികമായി) സ്വീകരിച്ചിരുന്നില്ല. കേസ്സുതോററസമയത്ത് അദ്ദേഹം കത്തോലിക്കാസഭയിൽ ചേരാൻ ആലോചിച്ചു. മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി. മററുപലവഴികളും നോക്കി. അതൊന്നും വിസ്തരിക്കുന്നില്ല വാഴിക്കുന്ന ചടങ്ങിൽ സംബന്ധിക്കാതെ, അന്ന് ആ പള്ളിയിൽ പോകാതെ, തന്നോട് അനുകൂലിക്കുന്ന മെത്രാന്മാരെ മാത്രം വിട്ട് മാർ ബസേലിയോസ് പൗലൂസ് ഒന്നാമനെ അബ്ദൽമശിഹാപാത്രിയർക്കീസിനെ കൊണ്ട് കാതോലിക്കായായി വാഴിപ്പിച്ചതുമെല്ലാം അദ്ദേഹത്തിന്റെ ഭരണനയത്തിൽ പെട്ടതാണ്. ഭരണമുള്ള പാത്രിയർക്കീസിൽനിന്നും ചോദ്യമുണ്ടായാലൊ കേസ്സുണ്ടയാൽ കോടതിയിൽ ചോദ്യമുണ്ടായാലൊ അതിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ ഉപദേഷ്ടാക്കൾ കൊടുത്ത ഉപദേശമായിരിക്കാം. ഭയങ്കരകേസ്സുകാല

www.malankaralibrary.com



മായിട്ട് അദ്ദേഹത്തിന്റെ ഭരണത്തെ കണക്കാക്കാം. 1928 ലെ റോയൽഅപ്പീൽ വിധിയിൽ പല കൃത്രിമങ്ങളും കാണിച്ചതായി ആ സമുദായത്തിൽ അടുത്തകാലത്തു മരിച്ച എന്റെ രണ്ടു വിശ്വസ്ഥ വന്ദ്യവയോവൃദ്ധപിതാക്കന്മാർ എന്നോടു പറഞ്ഞിട്ടുണ്ട്. അതൊന്നും വിവരിക്കുന്നില്ല. (സത്യം പ്രചരിപ്പിച്ച് ആത്മാക്കളെ ആദായപ്പെടുത്തേണ്ടവർ നശിച്ചുപോകുന്ന സമ്പത്തിനുവേണ്ടി ഇങ്ങനെ ചെയ്യുന്നതിൽ ദൈവം ക്ഷമിക്കാൻ പ്രാർത്ഥിക്കാം.) കൃത്രിമം കൊണ്ട് കേസ്സുജയിച്ചതിനാൽ താൻ ഇനിയും കത്തോലിക്കാസഭയിൽ ചേരുന്നില്ലെന്ന് മാർ ഈവാനിയോസ് തിരുമേനിയോട് പറഞ്ഞ് അദ്ദേഹം വാക്കുമാറി.

## യാക്കോബായസഭയെ ആത്മീയമായി ഉയർത്താനുള്ള ഒരു മഹർഷിയുടെ പ്രവർത്തനവും അവസാനവും

യാക്കോബായസഭയിലെ കേസ് 1928 ൽ വിധിക്കുന്നതിനുമുമ്പ്തന്നെ 'യാക്കോബായസഭ ബാവാകക്ഷി' മെത്രാൻകക്ഷി, സുറിയാനിസഭ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടാൻതുടങ്ങി. ബാവാകക്ഷിക്കാരിൽ ഭൂരിപക്ഷംപേരും അവരെ കൂറിലോസ്കക്ഷിയെന്നാണ് വിളിച്ചിരുന്നത്. എല്ലാവരേയുംകൂട്ടി യോജിപ്പിക്കാൻ ആർക്കുംനിവൃത്തിയില്ല. അതിനാൽ പലപേരിൽ അറിയപ്പെടുന്ന ''സുറിയാനിസഭ'' യെ ആത്മീയമായി നന്നാക്കണമെന്ന് പലർക്കും ആഗ്രഹമുണ്ടായി. അതിന്മുന്നിട്ടു പ്രവർത്തിച്ച പിതാവിന്റെ പ്രവർത്തനങ്ങളാണ് ഇനിയും പറയുന്നത്. വട്ടശ്ശേരിൽ തിരുമേനിയുടെ ഭാഗത്തുള്ള ഒരു മെത്രാച്ചനായിരുന്നു, മാവേലിക്കര പണിക്കർവീട്ടിൽ മാർ ഈവാനിയോസ് തിരുമേനി. എം. എ. ബിരുദധാരിയും മഹാഭക്തനുമായിരുന്ന അദ്ദേഹം യാക്കോബായ



സഭയെ ഉയർത്തുവാൻ മുന്നിട്ടിറങ്ങി. അദ്ദേഹം വലിയ ചരിത്ര പണ്ഡിതനായിരുന്നു. കത്തോലിക്കാ സഭയിൽ പ്രൊട്ടസ്റ്റന്റ് വിപ്ലവം ഉണ്ടായപ്പോൾ സഭയെ ഉയർത്തിയത് ഈശോസഭക്കാരായ സന്യാസികളായിരുന്നു. അതുപോലെ സന്യാസികൾ മുഖേന സുറിയാനിസഭയെ ഉയർത്തണമെന്നു നിശ്ചയിച്ചു. അതിനാൽ കേരളത്തിലെ സഭയെന്നല്ല, ഇൻഡ്യമുഴുവനും സുവിശേഷം പ്രചരിപ്പിച്ച് ഇൻഡ്യയിലെ സകലജാതികളേയും യേശുക്രിസ്തുവിന്റെ സുവിശേഷവെളിച്ചത്തിലാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. അതിന് ഇൻഡ്യൻസന്യാസികളുടെ വേഷത്തിലും, ആചാരത്തിലും,ഭക്ഷണത്തിലും, പ്രാർത്ഥനാജീവിതത്തിലും,സേവനത്തിലും ബഥനിസന്യാസി സമൂഹവും ബഥനിസന്യാസിനി സമൂഹവും സ്ഥാപിച്ചു. ശബരിമലയ്ക്കടുത്തുള്ള മുണ്ടൻമല എന്ന വനഭാഗമെടുത്ത് അവിടെ പർണ്ണശാല സ്ഥാപിച്ച് തപസ്സുംപ്രവർത്തനവും തുടങ്ങി. സന്യാസ വൈദികരെ രൂപതയിൽ പ്രത്യേക ബഥനിപള്ളികൾ സ്ഥാപിച്ച് അവിടെ അയച്ച് ആരാധന നടത്തിച്ച് ജനങ്ങളെ ആത്മീയമായി ഉയർത്തുക, അനാഥശാല സ്ഥാപിച്ച് അതുമുഖേന വിശ്വാസികളെ പുണ്യപരിശീലനം പഠിപ്പിക്കുക, സന്യാസിനികളെ കൊണ്ട് സ്കൂൾ,മഠം എന്നിവ സ്ഥാപിച്ച് അതിൽപ്രവർത്തിപ്പിക്കുക എന്നിങ്ങനെ സഭയെ നന്നാക്കാൻ അനേകം പുണ്യപരിപൂർണ്ണതയ്ക്ക് അദ്ദേഹം പ്രാരംഭമിട്ടു. ഇതിനുപ്രയോജനം ചെയ്യുന്ന പുസ്തകങ്ങളൊന്നും യാക്കോബായസഭയിൽ ഇല്ലായിരുന്നു. സന്യാസസംഘത്തിനു വേണ്ടനിയമാവലി എഴുതിയെടുത്തതു് ചെത്തിപ്പുഴ കർമ്മലീത്താശ്രമത്തിൽ നിന്നുമായിരുന്നു. സന്യാസജീവിതത്തിനു പ്രയോജനം ചെയ്യുന്ന പുസ്തകങ്ങൾ കത്തോലിക്കാ ഗ്രന്ഥശേഖരത്തിൽ നിന്നാണ് അദ്ദേഹം വരുത്തി പഠിച്ചതും ശിഷ്യരെ

www.malankaralibrary.com



പഠിപ്പിച്ചതും. അദ്ദേഹത്തിന്റെ ഈ പരിപാടികളോടു് എല്ലാജാതികാക്കും ആനുകൂല്യം തോന്നി. അവരെല്ലാം സഹായിച്ചു. മഹർഷിതുല്യനായ അദ്ദേഹത്തിന്റെ ഉപദേശത്തിൽ മാർ തേയോഫീലോസു് എന്ന പുണ്യവാനായ തിരുമേനിയും, ചേപ്പാട്ടു് പീലിപ്പോസു് റമ്പാച്ചൻ, പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ എന്നിവരും ആശ്രമാംഗങ്ങളായി. വൈദികരുടേയും സന്യാസിനികളുടേയും എണ്ണവും വർദ്ധിച്ചു. ബഥനിആശ്രമവിശ്വാസികാംക്കു് സ്വർഗ്ഗതുല്യമായി. അതിനു് ബാവാകക്ഷിക്കാർ അധികമായിഅനുകൂലിച്ചില്ല. ഏകദേശം ആറുവർഷത്തോളം ആ തപോധനൻ സമുദായത്തിൽ ഈ പ്രവർത്തനങ്ങാം നടത്തി. തന്റെ തുടർന്നുള്ള സഭാചരിത്ര പഠനത്തിൽ അദ്ദേഹത്തിനു് ഒരു സത്യം ബോദ്ധ്യപ്പെട്ടു. ദൈവം സ്ഥാപിച്ച സഭ യാക്കോബായസഭയാണെന്നും നിഖ്യാസൂദോഹന്നാസിൽ പറയുന്ന അന്ത്യോഖ്യാ സിംഹാസനം യാക്കോബായപാത്രിയർക്കീസിന്റെ ഭരണത്തിലുള്ള സിംഹാസനമാണെന്നും ആണല്ലോ അദ്ദേഹവും തന്റെ സഹപ്രവർത്തകരും ധരിച്ചിരുന്നതു്. ആ ധാരണ തെററാണെന്നു് അദ്ദേഹത്തിനു് ബോദ്ധ്യപ്പെട്ടു. നിഖ്യാസൂന്നഹദോസിൽ ക്രിസ്തുവർഷം 325 ൽ ക്രമപ്പെടുത്തിയിരിക്കുന്ന അന്ത്യോഖ്യാ സിംഹാസനം, അന്നു മുതൽ ഇന്നുവരേയും, സഭയുടെ തലവനായ റോമിലെ റീശ്ശ പാത്രിയർക്കീസിന്റെ (മാർപാപ്പയുടെ) അനുസരണത്തിൽ നിൽക്കുന്നുണ്ടെന്നും താൻ യാക്കോബായസഭ കർത്താവു് സ്ഥാപിച്ചതല്ലെന്നും, അതു് ആറാംനൂററാണ്ടിൽ യാക്കോബുർദാന എന്ന ഒരാൾ സ്ഥാപിച്ചതാണെന്നും, കത്തോലിക്കസഭയുടെ മുടക്കേററുകിടന്നിരുന്ന ഒരാളിനെക്കൊണ്ടു് പുത്തനായി ഒരു ''അന്ത്യോഖ്യാസിംഹാസനം ഉണ്ടാക്കിയിട്ടുള്ളതാണെന്നും യേശുക്രിസ്തുവിനു് മാത്രമേ സഭ സ്ഥാപിക്കാൻ അധികാരമുള്ളവെന്നും യാക്കോബുർദാന എന്ന മനുഷ്യനെ സഭസ്ഥാപിക്കാൻ അധികാരമില്ലെന്നും അയാൾസ്ഥാപിച്ച സഭയിൽ നിൽക്കുന്നതു് ദൈവകോപത്തിനുകാരണമാണെന്നും തന്റെ



സമുദായപ്രധാനിയായ വട്ടശ്ശേരിൽതിരുമേനി എഴുതിയ ''കത്തോലിക്കാ സാരങ്ങൾ'' എന്ന പുസ്തകത്തിൽ ''യാക്കോബുർദാനയാൽ നമ്മൾ യാക്കോബായക്കാർ എന്നു വിളിക്കപ്പെട്ടു''വെന്നു പറഞ്ഞതുമെല്ലാം അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനാൽ ദൈവംസ്ഥാപിച്ചസഭയിൽ ചേർന്നു് അതിനുവേണ്ടി നമ്മൾ പരിശ്രമിക്കുകയാണു് വേണ്ടതെന്നും യാക്കോബായസഭയിൽ പ്രവർത്തിക്കുന്നതു് ''വെള്ളക്കൊട്ടയിൽ വെള്ളം കോരുന്നതുപോലെ''ഫലമില്ലാതാകുന്നതെന്നും അദ്ദേഹം നിശ്ചയിച്ചു. യേശുക്രിസ്തുസ്ഥാപിച്ചസഭയിൽചേർന്നു് ''ദൈവസേവനത്തേക്കാൾ ദൈവസംമ്പാദനം'' സ്വീകരിക്കുകയാണു് നല്ലതെന്നു അദ്ദേഹത്തിനുതോന്നി.

**സഭയെ ഉയർത്താൻ പരിശ്രമിച്ച പിതാവ് നമ്മെ വിടുന്നു.**

യേശുക്രിസ്തു സ്ഥാപിച്ചതു് യാക്കോബായസഭയായല്ലെന്നും പിന്നെയോ കത്തോലിക്കാസഭയാണെന്നും അതിൽ ചേർന്നു നിത്യരക്ഷസമ്പാദിക്കാൻ ശ്രമിച്ചുകൊണ്ടു് അതിനുവേണ്ടി പ്രവർത്തിക്കണമെന്നും മാർ ഈവാനിയോസു് തിരുമേനി നിശ്ചയിച്ചു. അന്നു് താൻ ഉൾപ്പെട്ട നില്ക്കുന്ന മെത്രാൻകക്ഷിയിലെ 4 മെത്രാച്ചന്മാരേയും അദ്ദേഹം വിവരമറിയിച്ചു. അവർ അതു സമ്മതിച്ചു് അതിലേക്കു് വേണ്ടഎഴുത്തുകുത്തു നടത്തുവാൻ അദ്ദേഹത്തെ തന്നെ ചുമതലപ്പെടുത്തി. അദ്ദേഹം പ്രാർത്ഥിച്ചു് റോമിൽ വിവരമറിയിച്ചു. 11-ാം പിയൂസു് മാർപാപ്പാ സന്തോഷിച്ചു് അവരെ സ്വീകരിക്കുവാൻ കല്പന അയച്ചു. അതു കിട്ടിയപ്പോൾ ഒരു മെത്രാച്ചൻ, താനുൾപ്പെട്ട കക്ഷിക്കു് അപ്പീലിൽ ഗുണമായി കേസു വിധിച്ചതുകൊണ്ടു് ചേരാൻ മടിച്ചു. വേറൊരുമെത്രാച്ചനും അതിനോടു് അനുകൂലിച്ചു. പുണ്യവാനായ മാർ തീയോഫീലോസു് തിരു

www.malankaralibrary.com



മേനി മാർ ഈവാനിയോസ് തിരുമേനിയുടെകൂടെ ചേരാൻ നിശ്ചയിച്ചു. തിരുമേനിമാരും സന്യാസികളും മുണ്ടൻമലയിൽനിന്നിറങ്ങി. റോമിലെ കല്പനയനുസരിച്ച് അന്നത്തെ കൊല്ലം മെത്രാനും പുണ്യശ്ലോകനുമായ ബൻസിഗർ തിരുമേനിയുടെ സന്നിധിയിൽവച്ച് 1930 സെപ്റ്റംബർ 20-ാം നു- പുനരൈക്യപ്പെട്ടു. അവരോടുകൂടിചേർന്ന ഓമല്ലൂർ കുഴിമേപ്പുറത്ത് ബ: ജോൺ ഒ. ഐ. സി. അച്ചനേ ഇപ്പോഴും ജീവിച്ചിരിപ്പുള്ളു. അദ്ദേഹം തിരുവനന്തപുരം,നാലാഞ്ചിറ ആശ്രമത്തിൽ വിശ്രമിക്കുന്നു, ബ: അലക്സാണ്ടർ ശെമ്മാശ്ശനും( പിന്നീട് റവ:ഫാദർ സെറാഫിയോൻ ഒ. ഐ. സി.) യും കിളിയിലേത്ത് ചാക്കോയും മരിച്ചു,സർവ്വശക്തനായ ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ട് മാർ ഈവാനിയോസ് തിരുമേനി മാർപാപ്പായുടെ അടുക്കൽ ചെന്ന് തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും അനുവദിപ്പിച്ച് തിരികെ വന്ന് സമുദായ പ്രവർത്തനം തുടങ്ങി. സത്യം ഗ്രഹിച്ച് അനേകർ പുനരൈക്യപ്പെട്ടു. ദൈവാശ്രയവും കുലശ്രേഷ്ഠതയുമുള്ള ധാരാളം വൈദികരും അൽമായക്കാരും രണ്ടുരൂപതയിലും ചേർന്നു. മാരാമൺ പാലക്കുന്നത്ത് കുടുംബത്തിന്റെ ശാഖയായ മാവേലിൽ കുടുംബം മാർത്തോമ്മാമെത്രാപ്പോലീത്താ മാരാട്ട് അബ്രഹാം മെത്രാച്ചന്റെ പിതാവിന്റെ സഹോദരൻ മാരാട്ട് പീലിപ്പോസ് ജഡ്ജി, വട്ടശ്ശേരിൽ തിരുമേനിയുടെ ജേഷ്ഠന്റെ മകൻ വി. എ വറുഗീസ് ബി. എ. എൽ. റ്റി, കയ്യാലാത്ത് കെ. വി. ചാക്കോ ബി.എ എൽ.റ്റി,എൻ.ജി.കുറിയാക്കോസ് കത്തനാർ തുടങ്ങി അനേകം ഉന്നത ബിരുദധാരികളും തിരുവല്ലാ രൂപതയിലേക്ക് പുനരൈക്യപ്പെട്ടു. താമസിയാതെ മെത്രാൻകക്ഷിയിലെ നിരണം ഭദ്രാസനാധിപൻ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാ



പ്പോലീത്താ, ക്നാനായ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർദീയസ്കോറോസ് എന്നീ തിരുമേനിമാരുടെ പുനരൈക്യവും നടന്നു. പുനരൈക്യപ്പെട്ടവരിൽ വൈദികപാരമ്പര്യമുള്ള മാവേലിക്കര പോളച്ചിറയ്ക്കൽ മാത്യൂസച്ചൻ, പിറപ്പംതൈക്കാട്ടിലച്ചൻ, മണർകാട്ട് ചുണ്ടവാലിൽ ജേക്കബ്ബ് അച്ചൻ എന്നിവരുടെ കുടുംബത്തിൽ നിന്നും മെത്രാപ്പന്മാർ ഉണ്ടായി. അതിൽ സഖറിയാസ് മാർ അത്താനാസ്യോസ് പോളച്ചിറയ്ക്കൽ, ഐസക്ക് മാർ യൂഹാനോൻ, ഗീവർഗ്ഗീസ് മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരുടെ നാമങ്ങൾ പ്രത്യേകം പറയാനുള്ളതാണ് ദൈവാശ്രയവും സുവിശേഷവേലയ്ക്ക് മനസ്സും ഉണ്ടായിരുന്നവരെ ചിലരുടെ കാര്യവും ഓർക്കേണ്ടതാണ്. കറവിലങ്ങാട്ട് പകലോമറ്റം കുടുംബത്തിൽനിന്നും പന്തളത്തുവന്നു താമസിച്ച ശാഖയിലെ ഒരു പിതാവിന്റെ പിൻഗാമിയാണ് തലഞ്ചരിവിൽ മത്തായിസാർ. ഒരു മാതൃകാദ്ധ്യാപകനും പ്രാസംഗികനും സുവിശേഷ വേലക്കാരനുമായിരുന്ന സാർ, മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ ചേർന്ന് സഭാപ്രവർത്തനത്തിൽ ഇടപ്പെട്ടും അദ്ദേഹത്തിന് ആരോഗ്യമുള്ള നാഴികവരെ തിരുവനന്തപുരം അതിരൂപതയിൽ തുടങ്ങിയിട്ടുള്ള എല്ലാ പള്ളികളിലും അദ്ദേഹം നടന്നുചെന്ന് പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ദൈവാനുഗ്രഹം അദ്ദേഹത്തിന്റെ ഭവനത്തിനുണ്ടായി. തന്റെയും തന്റെ ഭാര്യയുടേയും പ്രാർത്ഥനയാൽ ആറുമക്കളിൽ ഒരാൾ ഹൈസ്കൂൾഹെഡ്മാസ്റ്ററും, ഒരു മകൻ കളക്ടറുമായി. വേറെയുള്ള 4 പേരിൽ മൂന്നുപേരും വൈദികരും ഒരാൾമെത്രാപ്പോലീത്തായുമായി (ഇപ്പോൾ ഭാഗ്യമോട്ട് ബത്തേരിരൂപതഭരിക്കുന്ന സിറിൽമാർ ബസ്സേലിയോസ് ഒ. ഐ. സി, എം. എ. ഡി. സി. ഈ മകനാണ്) പെൺമക്കൾ നാലുപേരും ബഥനി

www.malankaralibrary.com



സന്ന്യാസിനികളായി. ഈ ഭാഗ്യാവസ്ഥകണ്ടു് മത്തായി സാർ 1978 ലും ഭാര്യ ഏലിയാമ്മ 1983 ലും ഭാഗ്യമരണം പ്രാപിച്ചു് സാർ പ്രവർത്തിച്ച ഉള്ളന്നൂർ പള്ളിയിൽ വിശ്രമിക്കുന്നു.

അന്നന്നെ തെക്കൻതിരുവിതാംകൂറിൽ ലണ്ടൻമിഷ്യൻ സമുദായത്തിലെ പ്രധാനപ്രവർത്തകനായിരുന്ന ശ്രീ. ജസ്റ്റിൻ തോട്ടം. അവർകൾ സഭയിൽനിന്നു് യാതൊരുപ്രതിഫലവും ആഗ്രഹിക്കാതെ മാർ ഈവാനിയോസ് തിരുമേനിയുടെ അടുക്കൽ വന്നു് പുനരൈക്യപ്പെട്ടു. തൻെറ ഭാര്യ ശ്രീമതി വിക്ടോറിയായെയും അവർക്കു് ജനിക്കാവുന്ന സന്താനങ്ങളേയും സഭയ്ക്കായി പ്രതിഷ്ഠിച്ചു. അവർക്കു് കുറേനാൾകഴിഞ്ഞു് ലോറൻസ് എന്നൊരു മകൻ ജനിച്ചു. ദൈവവിളിയുണ്ടായി സിമിനാരിയിൽ ചേർന്ന ആ ബാലൻ, ലോറൻസ്മാർ അപ്രേം എന്ന പേരിൽ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി സേവനം ചെയ്യുന്നു. ഭാഗ്യവാനായപിതാവു് ജസ്റ്റിൻതോട്ടം 1969 ലും മാതാവു് വിക്ടോറിയ ജെസ്റ്റിൻ 1993 ലും ചരമടഞ്ഞു് പട്ടംഭദ്രാസനപള്ളി സെമിത്തേരിയിൽ വിശ്രമിക്കുന്നു. തിരുമേനിയുടെ അനുജൻ ശ്രീ. ജോസഫ് ഇടവകയിലെ മിഷ്യൻ പ്രവർത്തനത്തിൽ ഇടപ്പെട്ടുകൊണ്ടിരിക്കുന്നു.

മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ തൻെറ സമുദായത്തിലെ പ്രധാനവൈദീകരായിരുന്ന കമ്പഴ മേടയിൽ പീലിപ്പോസ് അച്ചൻ കടമ്മിനിട്ട പുത്തൻപുരയ്ക്കൽ വർഗ്ഗീസ്അച്ചൻ മൈലാപ്രാ തെങ്ങുന്ന മേടയിൽ അബ്രഹാം അച്ചൻ, കൊട്ടാരക്കരവലിയവീട്ടിൽ അലക്സാണ്ടർ അച്ചൻ എന്നിവർ പുനരൈക്യപ്പെട്ടതു് പുനരൈക്യത്തിനു വളരെ സഹായമായി. അവരുടെ പ്രവർത്തനത്തിൽ ധാരാളം ജനങ്ങൾ



പുനരൈക്യപ്പെട്ടിട്ടുണ്ടു്. അന്നു് പുനരൈക്യപ്പെട്ടവർ അന്യരിൽനിന്നു് വളരെ പ്രയാസങ്ങൾ അനുഭവിച്ചിട്ടുണ്ടു്. ജനങ്ങൾ ചേരുന്നിടത്തെല്ലാം പള്ളികൾ സ്ഥാപിക്കണം, അന്നു ഗവൺമെൻറു് അനുവദിക്കുകയില്ല. ശവകോട്ടയ്ക്കു് അനുവാദം കിട്ടുകയില്ല. പലയിടത്തും അതിനു കേസ്സുകൾ ഉണ്ടായിട്ടുണ്ടു്. ദൈവകൃപയാലും തിരുമേനിയുടെ കാര്യക്ഷമതയാലും ധാരാളം പള്ളികൾ തുടങ്ങാൻ തിരുമേനിക്കു് സാധിച്ചു. ബഥനിസന്ന്യാസികളെകൊണ്ടു് പള്ളികളും മററും നടത്തിച്ചു് ജനങ്ങളെ വളരെ ദൈവീകരാക്കിതീർത്തു. ബഥനി സന്ന്യാസിനികൾ മുഖേനമഠങ്ങൾ, സ്കൂളുകൾ, അനാഥമന്ദിരങ്ങൾ മുതലായവ തുടങ്ങി, സഭയെപ്പററി സഭാംഗങ്ങൾക്കും അന്യർക്കും വളരെമതിപ്പു് ഉണ്ടാക്കി. സഭയ്ക്കുവേണ്ടി ഒരു മൈനർസെമിനാരി, ധാരാളം സ്കൂളുകൾ എന്നിവ സ്ഥാപിച്ചു. ഏല്ലാററിനുംമേലായി സഭയ്ക്കു് എന്നത്തേയ്ക്കും വിദ്യാഭ്യാസപരമായ നിലയിൽ പ്രയോജനപ്പെടുന്ന മാർ ഈവാനിയോസ് കോളേജു് സ്ഥാപിച്ചതും അദ്ദേഹമാണു്. ഈ ഭാഗ്യങ്ങളെല്ലാം കണ്ടുകൊണ്ടും സന്തോഷിപ്പിച്ചും തൻെറ പിൻഗാമിയെ വാഴിച്ചു് അദ്ദേഹത്തിൻെറ സകലചുമതലയും ഏല്പിച്ചു് 1953 ജൂലൈ 15-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹം ഇപ്പോൾ സ്വർഗ്ഗത്തിലിരുന്നു് നമുക്കു് വേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹത്തെ പിൻതുടർന്നു്, 1955 ജനുവരി 18-ാംനു- മാർ സേവേറിയൂസ് തിരുമേനിയും 1956 ജൂൺ 26-ാം തീയതി മാർ തേയോഫിലോസ് തിരുമേനിയും കാലം ചെയ്തു. പരേതരായ വന്ദ്യപിതാക്കന്മാരെ പിൻതുടർന്നു് തിരുവല്ലാ രൂപതാദ്ധ്യക്ഷന്മാരും, ബത്തേരി രൂപതയുടെ വന്ദ്യപിതാവും, ഞങ്ങളുടെ ആത്മീയപിതാവും, മലങ്കരയുടെ വലിയ മെത്രാപ്പോലീത്താ

www.malankaralibrary.com



ധ്യമായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സഹായ സഹകരണത്തിലും ഉപദേശത്തിലും പുനരൈക്യ പ്രവത്തനം ശക്തിപ്പെടുന്നു തിരുവനന്തപുരം അതിരൂപതാ സഹായമെത്രനായ ലോറൻസ് മാർ അപ്രേം തിരുമേനി മാർത്താണ്ഡം അരമനയിൽ താമസിച്ചുകൊണ്ട് സഭാഭരണത്തിൽ തന്റെ വലിയപിതാവിനെ സഹായിക്കുന്നു.

## മാർ ഈവാനിയോസ് തിരുമേനിയുടെ പിൻഗാമി

തന്റെ പിൻഗാമിയായി ഭരണസാമർത്ഥ്യവും, പ്രാർത്ഥനാ ജീവിതമുള്ള ഒരാളിനെ കിട്ടുവാൻ മാർ ഈവാനിയോസ് തിരുമേനി മുട്ടിപ്പായി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. അതിന്റെ ഫലമായി, അദ്ദേഹത്തിന്റെ തൃക്കൈകൊണ്ട് പുനരൈക്യപ്പെടുത്തിയ ഒരു സന്യാസിയെ ദൈവം നേരത്തേ തയാറാക്കിയിരുന്നു. കല്ലാച്ചാരിൽ ഗീവർഗ്ഗീസ് മാർ ബസ്സേലിയോസ് കത്തോലിക്കാ ബാവായുടെ പിതൃസഹോദരി പൗത്രനും കല്ലൂപ്പാറയിൽ തങ്ങളത്തിൽ കുടുംബാംഗവുമായ ബനഡിക്ട് അച്ചൻ ഒ. ഐ. സി., എം. എ. അവർകളായിരുന്നു. ആ ആൾ അന്ന് മാർ ഈവാനിയോസ് കോളേജിലെ അദ്ധ്യാപകനായിരുന്ന അദ്ദേഹത്തെ മാർ ഈവാനിയോസ് തിരുമേനി തന്റെ പ്രധാന കാർമ്മികത്വത്തിൽ താൻ അടിസ്ഥാനമിട്ടിരുന്ന പട്ടം ഭദ്രാസനപള്ളിയിൽവെച്ച് 1953 ജനുവരി 29-ാംനു- ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ തന്റെ പിൻഗാമിയായി വാഴിച്ചു. അതിനു മുമ്പ് തന്നെ രോഗബാധിതനായിരുന്ന മാർ ഈവാനിയോസ് തിരുമേനി 1953 ജൂലായ് 15-ാംനു- കാലംചെയ്തു. പുതിയ തിരുമേനിയുടെ പുണ്യജീവിതത്തിൽ തിരുവനന്തപുരം അതിരൂപതാ അതിവേഗത്തിൽ അഭിവൃദ്ധിപ്രാപിച്ചു



വരുന്നു. മാർ തെയോഫീലോസ് ട്രെയിനിംഗ് കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ് എന്നിങ്ങനെ രണ്ടു കോളേജുകൾ കൂടി സ്ഥാപിച്ചു. ധാരാളം ദേവാലയങ്ങൾ, സന്യാസി സന്യാസിനി ഭവനങ്ങൾ മലങ്കര മേജർ സെമിനാരി എന്നിങ്ങനെ അനേകം സ്ഥാപനങ്ങൾ ദിവസം തോറും വർദ്ധിച്ചുവരുന്നു. പുണ്യ ശ്ലോകനായ ആർച്ചുബിഷപ്പ് തിരുമേനിയുടെ പ്രാർത്ഥനയാൽ അദ്ദേഹം സ്ഥാപിക്കുന്ന സ്ഥാപനങ്ങളെല്ലാം അത്ഭുതകരമായ നിലയിൽ അഭിവൃദ്ധിപ്പെടുന്നതു് ദൈവത്തിന്റെ പ്രത്യേക കൃപകൊണ്ടാണ്. അദ്ദേഹത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

## തിരുവല്ലാ രൂപത

1930 ൽ മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ പുനരൈക്യപ്പെട്ട യാക്കോബ് മാർ തേയോഫീലോസ് തിരുമേനിയായിരുന്നു തിരുവല്ലാ രൂപതയുടെ ഒന്നാമത്തെ മെത്രാൻ. അദ്ദേഹത്തിന്റെ പിൻഗാമികളായ മാർ സേവേറിയോസ്, മാർ അത്താനാസ്യോസ്, മാർ യൂഹാനോൻ എന്നീ വന്ദ്യ പിതാക്കന്മാർ പരലോകപ്രാപ്തരായി. യാക്കോബായ സഭയിൽ പാത്രിയർക്കീസ് കക്ഷിയിൽ നിന്ന് പുനരൈക്യപ്പെട്ട ബ: ജേക്കബ്ബ് ചുണ്ടേവാലയിൽ അച്ചന്റെ മകനാണ് ഇപ്പോഴത്തേ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ ഗീവർഗ്ഗീസ് മാർ തീമോത്തിയോസ് തിരുമേനി. തിരുമനസ്സിലെ സഹോദരൻ ബ: ജോൺ ചുണ്ടേവാലിൽ അച്ചൻ ഇടവക പട്ടക്കാരനും, രണ്ടു സഹോദരിമാർ ബ: കന്യാസ്ത്രീകളുമാണ് വന്ദ്യതിരുമേനിയുടെ ഭരണത്തിൽ തിരുവല്ലാ രൂപതയിൽ പുനരൈക്യകാര്യങ്ങൾ ഭംഗിയായി നടക്കുന്നു. ദൈവം ദീർഘായുസ്സ് കൊടുക്കാൻ പ്രാർത്ഥിക്കാം.

www.malankaralibrary.com



**ബത്തേരി രൂപത**

തിരുവല്ലാ രൂപതയിൽ നിന്നും 1979 :ഫെ 2 ന് ബത്തേരി രൂപത സ്ഥാപിച്ചു. തിരുവനന്തപുരം അതിരൂപതയിലെ പ്രധാന മിഷ്യനറിമാരിൽ ഒരാളായിരുന്ന പരേതനായ മലഞ്ചരുവിൽ എം. വി. മത്തായിസാറിന്റെ മകൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് ഒ.ഐ.സി.,എം. എ.,ഡി.ഡി., സി.എൽ. അവർകൾ ആ രൂപത ഭരിക്കുന്നു. തിരുമനസ്സിലെ ഭരണത്തിൽ ബത്തേരിരൂപത ദൈനംദിനം അഭിവൃദ്ധിയിലാവുന്നു, ദൈവം അദ്ദേഹത്തിനു എല്ലാവിധ അനുഗ്രഹങ്ങളും കൊടുക്കുവാൻ നമുക്കുപ്രാർത്ഥിക്കാം.

**ദി.മ.ശ്രീ. പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം**

കേരളത്തിലെ പുത്തൻകൂർ സമുദായത്തിലെ ആറാം മർത്തോമ്മായുടെ ഭരണകാലത്തു് അന്നത്തെ ക്കിയിലെ യാക്കോബായ പാത്രിയർക്കീസിന്റെകീഴിലുള്ള 'അന്ത്യോഖ്യാ സിംഹാസന' ത്തിൽ പെട്ട മാർ ഗ്രിഗോറിയോസ് എന്ന മെത്രാച്ചൻ കേരളത്തിൽ വന്നു് ആറാം മാർത്തോമ്മയും "ദീവന്നാസിയോസ്" ഒന്നാമൻ എന്ന പേരിൽ 1770 ൽ മെത്രാൻപട്ടം കൊടുത്തു് കേരളത്തിൽ താമസിച്ചു. കുറേകഴിഞ്ഞപ്പോൾ അവർ തമ്മിൽ പിണങ്ങി. അപ്പോൾ കൂറിലോസ് മെത്രാച്ചൻ തൊഴിയൂർ ചെന്നു് ആ ദേശവാസികളായ ചില യാക്കോബായക്കാരുടെ സഹകരണത്തിൽ, ആ നാട്ടുകാരനായ ഒരാളെ മെത്രാനായി വാഴിച്ചു് അവിടെ താമസമായി. ഒരു സഭയും ഉണ്ടാക്കി. അതിനു് തൊഴിയൂർസഭ, ആഞ്ഞൂർസഭ, മലബാർ സ്വതന്ത്രസുറിയാനി സഭ എന്നിങ്ങനെ 3 പേരുണ്ട്, 1770 ലാണ് ആ സഭ ഉണ്ടാക്കിയതു്. യാക്കോബായക്കാരുടെ



വിശ്വാസമാണ് അവക്കുള്ളതെങ്കിലും 1857 ൽ അവർ കത്തോലിക്കാ സഭയിൽ നിന്നും പട്ടമേററു. അതോടുകൂടി അവരും യാക്കോബായക്കാരും തമ്മിൽ സമ്പർക്കമില്ലാതെയായി. അവർ യാതൊരു സഭയ്ക്കും കീഴ്പ്പെടാതെ സ്വതന്ത്രരായി ജീവിച്ചു. സ്വന്തമായി സിമിനാരിഇല്ല. കുറച്ചുജനങ്ങളും പള്ളിയുമേ അവക്കുള്ളു. അവരുടെ 13-ാം മത്തെ മെത്രാപ്പനായിരുന്ന പൗലൂസ് മാർ പീലക്സീനോസ് തിരുമേനി ഉന്നത വിദ്യാഭ്യാസമുള്ള ആളും വലിയ പ്രാർത്ഥനാ ജീവിതക്കാരനുമാണ്. അദ്ദേഹം ക്രൈസ്തവ സഭകളുടെ ചരിത്രം നല്ലതുപോലെ പഠിച്ചപ്പോൾ യേശുക്രിസ്തു സ്ഥാപിച്ചസഭ, കത്തോലിക്കാസഭ മാത്രമാണെന്നും അതിൽചേർന്ന് അതിനു വേണ്ടി പ്രവർത്തിച്ചു പ്രാർത്ഥിക്കുന്നതാണ് നിത്യരക്ഷയ്ക്കു് അത്യാവശ്യമെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. വിവരം തന്റെ ജനങ്ങളെ ഒരു പരസ്യപ്രസ്താവനമൂലം ബോദ്ധ്യപ്പെടുത്തിയിട്ട് യാതൊരുവിധമായ ലൗകീകകാര്യങ്ങളും ആഗ്രഹിക്കാതെ 1977 ൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. തിരുവനന്തപുരം അതിരൂപതയുടെ എപ്പിസ്ക്കോപ്പൽ വികാരിയായ അദ്ദേഹം പുനരൈക്യപ്പെട്ട നാഴികമുതൽ തിരുവനന്തപുരം അതിരൂപതയിലെ എല്ലാരൂപതകളിലും പുനരൈക്യത്തിനു് സഹായിച്ചുകൊണ്ടിരിക്കുന്നു. സത്യം ഗ്രഹിച്ച് അദ്ദേഹത്തിന്റെ മിത്രങ്ങൾ പുനരൈക്യപ്പെടുന്നതിനും അദ്ദേഹത്തിനും വേണ്ടി പ്രാർത്ഥിക്കാം.

**പുനരൈക്യത്തിന് ചങ്ങനാശ്ശേരി അതിരൂപതക്കാരുടെ സഹായം**

കേരളത്തിൽ പുത്തൻകൂർ സമുദായമുണ്ടായപ്പോൾ മുതൽ അവരെ വീണ്ടും, സത്യവഴിയിലേക്ക് പുനരൈക്യ

www.malankaralibrary.com



പ്പെടുത്താൻ ചങ്ങനാശ്ശേരി അതിരൂപതക്കാർ വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ സംഘമായി ആളുകൾ പുനരൈക്യപ്പെട്ടില്ല. 6-ാം മാർത്തോമ്മായെ ചേർക്കുന്നതിന് തച്ചിൽ മാത്തുതരകൻ ചങ്ങനാശ്ശേരി കല്ലറയ്ക്കൽ തരകൻ ക്നാനായ കത്തോലിക്കാ പ്രമാണികൾ മുതലായവർ വളരെ കഷ്ടപ്പാടും പണ നഷ്ടവും സഹിച്ചിട്ടുണ്ട്. അന്നത്തെ മേലധികാരികളുടെ നയത്തിൽ അതു സാധിച്ചില്ല. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടതിൻെറശേഷം ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും ധാരാളം വൈദീകരും കന്യാസ്ത്രീകളും തിരുവനന്തപുരം അതിരൂപതയെ സഹായിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനി തുടങ്ങിയ ബഥനി സന്യാസിനികളേക്കാൾ വളരെക്കൂടുതലായി ഡോട്ടേഴ്സ് ഓഫ് മേരി എന്ന സന്യാസിനി സമൂഹം തിരുവനന്തപുരം അതിരൂപതയിലെയെന്നല്ല ലോകമൊട്ടുക്കും സുവിശേഷവേലയ്ക്ക് പോയിരിക്കുന്നു. അതിൻെറ പ്രാരംഭ പ്രവർത്തകനായിരുന്ന മോൻസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ അവർകളോടും ഇപ്പോഴുള്ള കന്യാസ്ത്രീകളോടും തിരുവനന്തപുരം അതിരൂപതയ്ക്ക് വമ്പിച്ച കടപ്പാട് ഉണ്ട്. ദൈവമാതാവ് വഴിയായി ആ സംഘത്തെ അനുഗ്രഹിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

## ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചൻെറ പുനരൈക്യപ്രവർത്തനം

മാർ ഈവാനിയോസ് തിരുമേനിയുടെകൂടെ പുനരൈക്യപ്പെട്ട ചേപ്പാട്ട വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചൻെറ പ്രവർത്തനത്തെപ്പററി ചിലകാര്യം ഓർത്തിരിക്കുന്നതു് അത്യാവശ്യമാണ്. യാക്കോബായസഭയിലെ പരേതനായ ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസിയോ



സിൻെറ അടുത്തബന്ധുവും, അടുത്തമെത്രാനായിതന്നെ ഭരിക്കുവാൻ റമ്പാൻ സ്ഥാനം ഏററിരുന്ന ആളുമായ ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചൻ മാർ ഈവാനിയോസ് തിരുമേനിയോടുകൂടി പുനരൈക്യപ്പെട്ടു. ദൈവം സ്ഥാപിക്കാത്ത യാക്കോബായ സഭയിലെ ഒരു പാത്രിയർക്കീസായിരിക്കുന്നതിൽ ഭേദം, ദൈവം സ്ഥാപിച്ച കത്തോലിക്കാസഭയിലെ കപ്പിയാരായിരിക്കുന്നതാണ് നല്ലതെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഒരു വമ്പിച്ച പ്രാസംഗികനായിരുന്നു. തൻെറ വാർദ്ധക്യത്തിൽ പലതും ത്യാഗം സഹിച്ചുകൊണ്ട് ഏതു പള്ളികളിലും മലകൾ കയറി നടന്നു ചെന്നു് മത പ്രസംഗംചെയ്ത് ജനങ്ങളെ സത്യ വിശ്വാസത്തിൽ ഉറപ്പിച്ചിരുന്നു. ആറോളം പുസ്തകങ്ങൾ എഴുതി ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്തും മതകാര്യങ്ങളെ ഉറപ്പിച്ച് പുനരൈക്യവേല തുടർന്നിരുന്നു. 1979 ജൂൺ 24 ന് ഭാഗ്യ മരണം പ്രാപിച്ച് വന്ദ്യ ഗുരുഭൂതൻെറ കല്ലറയ്ക്കടുത്തു് പട്ടം ഭദ്രാസനപള്ളിയിൽ വിശ്രമിക്കുന്നു. പുലിക്കോട്ട് ജോസഫ്റമ്പാച്ചൻ പരേതനായ പുലിക്കോട്ട ജോസഫ് മെത്രാപ്പോലീത്തായുടെ കുടുംബാംഗവും, അടുത്ത മെത്രാൻ സ്ഥാനത്തിയുമായിരുന്ന ഇദ്ദേഹം സർവ്വവും ഉപേക്ഷിച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ കത്തോലിക്കാ സഭയിൽചേർന്നു. സുപ്രസിദ്ധ പ്രാസംഗികനും, വമ്പിച്ച സാഹിത്യകാരനുമായിരുന്ന ഇദ്ദേഹം ഗ്രന്ഥങ്ങൾമുഖേനയും പ്രസംഗത്തിലും ധാരാളം സുവിശേഷ വേലചെയ്തിട്ടുണ്ട് 1941 ജൂലൈ 6-ാംനു- ചരമമടഞ്ഞു് കുന്നംകുളം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

മോൺ:സി:തോമസ് വ[illegible]ശ്ശേരി ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നും തിരുവല്ലാ രൂപതയ്ക്ക് വേണ്ടി വൈദികനായി. സുപ്രസിദ്ധ സുവിശേഷ പ്രാസംഗികനും

www.malankaralibrary.com



ഗ്രന്ഥകർത്താവുമായിരുന്നു. അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങളും എഴുതിയ പുസ്തകങ്ങളും പുനരൈക്യ പ്രസ്ഥാനത്തിനു വമ്പിച്ചധനമാണ്. 1966 ജൂലായ് 20 നു മരിച്ചു.

റവ: ഫാദർ തോമസ് ഇഞ്ചയ്ക്കലോടി മാർത്തോമ്മാ സമുദായത്തിലെ പ്രബലകുടുംബത്തിൽനിന്നു സത്യം ഗ്രഹിച്ചു പുനരൈക്യപ്പെട്ടു. സുപ്രസിദ്ധ പ്രാസംഗീകനും ഗ്രന്ഥകാരനുമായി. തന്റെ ഈ രണ്ടു പ്രവർത്തനംവഴി അനേകായിരങ്ങൾ പുനരൈക്യപ്പെടാൻ ഇടയായിട്ടുണ്ട്. ഭാഗ്യമരണം പ്രാപിച്ചു ചെങ്ങന്നൂർ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

**പുനരൈക്യത്തിന് ലത്തീൻ സഹോദരങ്ങളുടെ സഹായം.**

മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെടുന്നതിനു മുൻപ്തന്നെ കൊല്ലം രൂപതക്കാർ പുത്തൻകൂറുകാരുടെ ഇടയിൽ നമ്മളുപോലെ പുനരൈക്യവേല ചെയ്തിട്ടുണ്ട്. അന്ന് അവർ യാക്കോബായസഭയിൽ നിന്നു വൈദികരേയും ധാരാളം ജനങ്ങളേയും ചാരുംമൂട്, പുത്തൻപീടിക, നൂറനാട്, മുതലായ സ്ഥലങ്ങളിൽ നിന്നു ചേർത്തിട്ടുണ്ട്. മലങ്കാറീത്ത് അനുവദിച്ചതു പ്രണ്യവാകനായ കൊല്ലം ബിഷപ്പ് ബൻസിഗർ തിരുമേനിയുടെ കാലത്താണല്ലോ? മാർപ്പാപ്പയുടെ കല്പനപ്രകാരം അദ്ദേഹം കൊല്ലം അരമനയിൽവച്ച് ഈവാനിയോസ് തിരുമേനിയേയും കൂട്ടരേയും ചേർത്തു. ആ വന്ദ്യ ബൻസിഗർ തിരുമേനി അദ്ദേഹത്തിന്റെ മരണംവരെയും പുനരൈക്യത്തിനു സഹായിച്ചു. പിന്നീടു കൊല്ലം രൂപത ഭരിച്ച ജറോം ഫർണാണ്ടസ് തിരുമേനി, പുനരൈക്യത്തിനു വളരെ സഹായിച്ച പിതാവാണ്. ഇപ്പോൾ



കൊല്ലം രൂപത ഭരിക്കുന്ന ജോസഫ് ഫർണാണ്ടസ് തിരുമേനി പുനരൈക്യത്തിനു വളരെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം ലത്തീൻസഹോദരങ്ങളേയും രൂപതയേയും സമൃദ്ധമായി അനുഗ്രഹിക്കുന്നതിനു നമുക്കു പ്രാർത്ഥിക്കാം.

**പുനലൂർ തിരുമേനിയുടെ സഹായം**

പുതിയ പുനലൂർ രൂപതയുടെ വൈദികാദ്ധ്യക്ഷൻ പുത്തൻകൂർ സഹോദരങ്ങളുടെ ഇടയിലാണ് രൂപതാഭരണം നടത്തുന്നത്. അദ്ദേഹം പുനരൈക്യത്തിനു വളരെ സഹായിയാണ്. പുതിയ രൂപതയെയും തിരുമേനിയേയും കർത്താവ് കൂടുതലായി അനുഗ്രഹിക്കുന്നതിനു പ്രാർത്ഥിക്കാം.

തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാദ്ധ്യക്ഷന്മാർ പുനരൈക്യത്തിനു വളരെ സഹായം ചെയ്യുന്നുണ്ട്. ആ രൂപതകൾക്കും തിരുമേനിമാർക്കും വേണ്ടി പ്രാർത്ഥിക്കാം.

**പുനരൈക്യത്തിനുള്ള കോട്ടയം രൂപതയുടെ സഹായം**

കോട്ടയം രൂപതയുടെ ഒന്നാമത്തെ മെത്രാച്ചൻ മാക്കീൽ മാർ മത്തായി തിരുമേനി, അടുത്ത തിരുമേനിമാരായ അലക്സാണ്ടർ ചൂളപ്പറമ്പിൽ, തോമസ് തറയിൽ, കുര്യാക്കോസ് കുന്നശ്ശേരി എന്നീ പിതാക്കന്മാർ പുനരൈക്യത്തിനു വളരെ സഹായിച്ചിട്ടുള്ളവരാണ്. ക്നാനായ യാക്കോബക്കാരിൽ നിന്നും പുനരൈക്യപ്പെടുന്നവർക്കുവേണ്ടി കൽദായറീത്തിനു പുറമെ മലങ്കരറീത്തിലും വി: കുർബാന ചൊല്ലുവാൻ മാർപാപ്പ തറയിൽ തിരുമേനിയെ അനുവദിച്ചിരുന്നു. അദ്ദേഹം കൂടി ചേർന്നാണ് ഇപ്പോഴത്തെ ആർച്ചുബിഷപ്പ് തിരുമേനിയെ വാഴിച്ചത്. കോട്ടയം രൂപതയിലെ ബ: അച്ചന്മാരും വിശ്വാസികളും

www.malankaralibrary.com



പുനരൈക്യത്തിനു വളരെ സഹായിച്ചുകൊണ്ടിരിക്കുന്നവരാണ്.

## പുനരൈക്യത്തോട് അനുകൂലിക്കാത്തവർ

1930 ൽ മാർ ഈവാനിയോസ് തിരുമേനിയുടെ ആഗ്രഹമനുസരിച്ച് അന്ന് പുനരൈക്യപ്പെട്ടവർ അഞ്ചാണ്. ഈ 68 വർഷത്തിനകം അവർ മൂന്നുലക്ഷമായി. ഇനിയും ധാരാളം ജനങ്ങൾ ആ വഴിയിൽ വന്നു ചേരേണ്ടതുണ്ട്. സഭസ്ഥാപിച്ച കർത്താവ് 12 ശിഷ്യന്മാരുമായിട്ടാണ് അതു ഉൽഘാടനം ചെയ്തത്. ഇപ്പോൾ കത്തോലിക്കർ ലോകത്തിൽ തൊണ്ണൂറ് കോടിയുണ്ട്. അതുപോലെ സാവകാശത്തിൽ കേരളത്തിലുള്ള അകത്തോലിക്കരും പുനരൈക്യപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

## തിരുവനന്തപുരം അതിരൂപതാ വികാരി ജനറാൾ

നല്ല വൈദീക പാരമ്പര്യമുള്ള കുടുംബത്തിലെ അംഗമായ വികാരി ജനറാൾ മോൺ: തോമസ് കമ്പക്കാട്ട് അവർകൾ വളരെ ദൈവീകമായനിലയിൽ അതിരൂപതയെ ഭരിക്കുന്നതിന് വന്ദ്യതിരുമേനിയെ സഹായിക്കുന്നു. കൂടാതെ പുനരൈക്യകാര്യങ്ങളിൽ കൂടുതലായി താല്പര്യപ്പെടുകയും ചെയ്യുന്നു. വൈദീകർ, സന്യാസികൾ സന്യാസിനികൾ, വിശ്വാസികൾ, എന്നിവരോട് വളരെ നയമായി ഇടപെടുന്നതുകൊണ്ട് ഒരു പൊതുജനസമ്മതനായി തീർന്നിരിക്കയാണ്. അദ്ദേഹത്തിനു കൂടുതലായി നന്മ കൊടുക്കുവാൻ നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം.


**POPULAR CHITTY FUND**
**& FINANCIERS**

Estd. 1965

Regd. office VAKAYAR- KONNI
Central office- PATHANAMTHITTA.

**BRANCHES:-**

Vakayar Ph:363,273.
Pathanamthitta Ph: 2663.
Nangyarkulangara Ph: 2087.
Thiruvananthapuram Ph;
Punalur Ph: 2897.
Pandalam Ph:
Kollam Ph: 75736,
Chavara Ph:

**Mg. Partners: T.K.DANIEL,**
**ROY DANIEL.**